പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3085 | 22.02.2016-ൽ മറുപടിക്ക്

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സാമൂഹ്യ സുക്ഷാ പെൻഷനുകളാണ് തുടർന്നും നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകി വന്നിരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധ്യക്യ കാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധാവ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ തുടർന്നു നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത പെൻഷനുകളിൽ ഏതൊക്കെ യാണ് ഇതുവരെയായി പ്രതിമാസ വർദ്ധനവായി ഉണ്ടായിട്ടുള്ളത്;

(ബി) മേൽപ്പറഞ്ഞ എല്ലാ ക്ഷേമ പെൻഷനുകളിലും പ്രതിമാസം പെൻഷൻ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ പട്ടികയിൽ കാണിക്കുന്നു.

| ക്രമ നം. | പെൻഷൻ ഇനം | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് നൽകിയിരുന്ന പെൻഷൻ തുക | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിൽ നൽകുന്ന പെൻഷൻ തുക |
|---|---|---|---|
| 1 | ALP | 300 | 600 |
| 2 | IGNDPS<80 | 300 | 800 |
| | IGNDPS>80 | 300 | 1100 |
| 3 | IGNOAP<80 | 300 | 600 |
| | IGNOAP>80 | 300 | 1200 |
| 4 | IGNWP | 300 | 800 |
| 5 | UMWP | 300 | 800 |

(സി) ഇതിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് ഓരോ പെൻഷനും തിരിച്ച് വ്യക്തമാക്കാമോ ?

(സി) കുടിശ്ശിക സംബന്ധിച്ച വിവരം

| ക്രമ നം | പെൻഷൻ ഇനം | കുടിശ്ശിക തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 3,66,09,21,915 |
| 2 | വികലാംഗ പെൻഷൻ | 1,66,69,68,167 |
| 3 | വിധവാ പെൻഷൻ | 5,53,19,82,532 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 2,75,83,46,352 |
| 5 | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3588,57,856 |

സെക്ഷൻ ഓഫീസർ